**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 420** **08-06-2021 - ൽ മറുപടിയ്ക്ക്**

**കൈത്തറി, ഖാദി മേഖലകളിലെ പ്രതിസന്ധി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. എം. മണി,<br>ശ്രീ. മുരളി പെരുനെല്ലി,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ ഐ ബി സതീഷ് | | **Shri. P. Rajeeve**<br>(നിയമവും വ്യവസായവും കയറും വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ സർക്കാരിന്റെ കാര്യക്ഷമമായ ഇടപെടലിന്റെ ഫലമായി പുനരുജ്ജീവന പാതയിലായിരുന്ന കൈത്തറി, ഖാദി വ്യവസായ മേഖലകളിൽ കൊവിഡ് വ്യാപനത്തെ തുടർന്നുണ്ടായ പ്രതിസന്ധി നേരിടുന്നതു പരിഹരിക്കാൻ പ്രത്യേകം ശ്രദ്ധ പതിപ്പിക്കുമോ; | (എ) | കോവിഡ് മഹാമാരി മൂലം നെയ്ത്ത് മേഖലയിൽ നൂലിന് ക്ഷാമം, തൊഴിലാളികൾക്ക് തൊഴിൽ നഷ്ടം, വിപണനത്തിൽ കുറവ് എന്നിവ സംഭവിച്ചിട്ടുണ്ട്. സ്കൂൾ യൂണിഫോം പദ്ധതിയിലൂടെ നെയ്ത്ത് ജോലികൾ പുനരാരംഭിച്ചതിനുശേഷം നൂലും കുടിശ്ശികയായ കൂലിയും നൽകുന്നതാണ്. കോവിഡ് കാരണം പ്രതിസന്ധി നേരിട്ട ഖാദി മേഖലയെ പരിപോഷിപ്പിക്കുന്നതിനായി സർക്കാർ വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കി വരുന്നു. കോവിഡിന്റെ ഒന്നാം വ്യാപന കാലഘട്ടത്തിൽ ഖാദി സ്ഥാപനങ്ങളുടെ പുന:പ്രവർത്തനത്തിനായി 50 ലക്ഷം രൂപ "കോവിഡ് സഹായം“ ആയി നൽകി. കോവിഡ് 19 ന്റെ ഒന്നാം വ്യാപന ഘട്ടത്തിൽ, കഴിഞ്ഞ വർഷം ഓണത്തിന് കേരള ഖാദി തൊഴിലാളി ക്ഷേമനിധി ബോർഡിൽ നിന്ന് 1000/- രൂപ വീതം ഖാദി തൊഴിലാളിക്ക് നൽകിയതിനു പുറമേ, ഖാദി ബോർഡിലെ തൊഴിലാളികൾക്ക് 250/- രൂപ വീതം കോവിഡ് അലവൻസും ബോർഡ് നൽകിയിട്ടുണ്ട്. കോവിഡ് ബാധിതരായ തൊഴിലാളി കൾക്ക് 2000/- രൂപ സഹായമായി നൽകി വരുന്നു. നിലവിൽ കോവിഡ് പ്രോട്ടോക്കോൾ പാലിച്ച് മെയ് 31 മുതൽ സാധ്യമായ ഉല്പാദനകേന്ദ്രങ്ങൾ പുനരാരംഭിച്ചിട്ടുണ്ട്. ഖാദി മേഖലയെ കരുത്താർജ്ജിപ്പിക്കുന്നതിനായി കൂടുതൽ നെയ്ത്തു കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സിൽക്ക് നെയ്ത്ത് വ്യാപിപ്പിക്കുന്നതിനും നടപടികൾ എടുത്തു. വില്പന വർദ്ധിപ്പിക്കുന്നതിനായി റാന്നി, ആലപ്പുഴ, പത്തനംതിട്ട, എന്നിവിടങ്ങളിലെ ഷോറൂമുകൾ നവീകരിക്കുകയും പത്തനംതിട്ടയിലെ ഓയിൽ യൂണിറ്റ് നവീകരിച്ച് ഉല്പാദനം ഇരട്ടിയാക്കുകയും ചെയ്തിട്ടുണ്ട്. ബാലുശ്ശേരിയിലെ ഹണി പ്രോസ്സസിംഗ് |

| | | | |
|---|---|---|---|
| | | | യൂണിറ്റിൽ അത്യാധുനിക യന്ത്ര സാമഗ്രികൾ സ്ഥാപിച്ച് ഉല്പാദനം വർദ്ധിപ്പിച്ചു. |
| (ബി) | കൈത്തറി മേഖലക്ക് കൈത്താങ്ങായിരുന്ന സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി താല്കാലികമായെങ്കിലും മന്ദീഭവിക്കാനിടയായ സാഹചര്യത്തിൽ മറ്റുല്പന്നങ്ങളുടെ വിപണനം കൂടുതൽ ആകർഷകമാക്കി തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാൻ സാധിക്കുമോ എന്ന കാര്യം പരിശോധിക്കുമോ; | (ബി) | കൈത്തറി മേഖലയിൽ സർക്കാർ നടപ്പിലാക്കി വരുന്ന സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ ഭാഗമായി 2021-22 അദ്ധ്യായന വർഷത്തേക്കുള്ള യൂണിഫോം തുണിയുടെ നിർമ്മാണ പ്രവർത്തനം നടന്നു കൊണ്ടിരിക്കുകയാണ്. വർഷത്തിൽ ഏകദേശം 250-300 ദിനങ്ങളിൽ ഈ പദ്ധതി വഴി തൊഴിൽ പ്രദാനം ചെയ്യുന്നുണ്ട്. കൂടാതെ കോവിഡ് വ്യാപന സമയത്ത് വിൽപന നടക്കാതിരുന്ന ഖാദി തുണികൾ ഉപയോഗിച്ചു മാസ്കുകൾ തയ്ച്ചു കുറഞ്ഞ വിലയിൽ വിപണനം നടത്തിയതു വഴി കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | കേന്ദ്ര സർക്കാർ ഖാദി കൈത്തറികൾക്ക് റിബേറ്റ് നൽകുന്നുണ്ടോ? | (സി) | കൈത്തറി മേഖലയിൽ നിലവിൽ കേന്ദ്ര റിബേറ്റ് ലഭ്യമല്ല. കേന്ദ്ര സർക്കാർ 2010 മുതൽ ഖാദിയ്ക്ക് റിബേറ്റ് നൽകുന്നില്ല. പകരം അനുവദിക്കുന്ന മാർക്കറ്റിംഗ് ഡവലപ്മെന്റ് അസിസ്റ്റൻസ് ഉപയോഗിച്ച് 10% റിബേറ്റ് നൽകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ